"ഭരണഭാഷ-മാതൃഭാഷ"

നം. വൈ2/369803/2022/ഡി.ജി.ഇ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 09/06/2022
ഫോൺ നം:0471-2580587
ഇ-മെയിൽ-supdty.dge@kerala.gov.in

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യ അവാർഡ് - 2022-23 - സംബന്ധിച്ച്.

സൂചന:-

******

ഈ വർഷത്തെ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യ അവാർഡിന് സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ സർവ്വീസിലുള്ള അധ്യാപകരിൽ നിന്നും സ്വന്തം രചനകൾ ക്ഷണിക്കുന്നു. **01/01/2016 മുതൽ 31/12/2020 വരെയുള്ള** കാലയളവിലെ മലയാള ഭാഷയിൽ പ്രസിദ്ധീകരിച്ച ആദ്യത്തെ പതിപ്പാണ് അയയ്ക്കേണ്ടത്. സർഗാത്മക സാഹിത്യം, വൈജ്ഞാനിക സാഹിത്യം, ബാലസാഹിത്യം എന്നീ മൂന്ന് വിഭാഗങ്ങളിൽ പ്രത്യേകം അവാർഡുകളാണ് നൽകുന്നത്.

ഗ്രന്ഥകർത്താവ് സ്ഥിരം നിയമനം ലഭിച്ചതും ഇപ്പോൾ സർവ്വീസിൽ തുടരുന്ന അധ്യാപകൻ/അധ്യാപിക ആണെന്നുള്ള സ്ഥാപനത്തിന്റെ മേധാവിയുടെ സാക്ഷ്യ പത്രവും കൃതിയുടെ അച്ചടിച്ച 6 കോപ്പികളും സഹിതം **30/06/2022 ന് 5.00 മണിക്കു** മുമ്പായി **പബ്ലിക് റിലേഷൻസ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം-14** എന്ന വിലാസത്തിയൽ അയയ്ക്കേണ്ട താണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. **കവറിന്റെ പുറത്ത് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യ അവാർഡ് 2022 എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം. അയക്കുന്ന കൃതികൾ ഏത് മേഖലയി ലുള്ളതാണെന്നും ആമുഖ കത്തിൽ വ്യക്തമാക്കേണ്ടതാണ്.**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധ്യക്ഷതയിലുള്ള പ്രശസ്ത സാഹിത്യകാരന്മാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയാണ് അവാർഡിന് അർഹതയുള്ള കൃതികൾ തെരഞ്ഞെടുക്കുന്നത്.

താങ്കളുടെ പരിധിയിൽ വരുന്ന എല്ലാ സ്കൂളുകളിലും ഇത് സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതാണ്. കൂടാതെ സാഹിത്യമേഖലയിൽ പ്രശസ്തരായ അധ്യാപകർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവാർഡിനുള്ള കൃതികൾ അയയ്ക്കുവാൻ വ്യക്തിപരമായ കത്ത് മുഖേനയോ പ്രേരിപ്പിക്കുന്നത് ഉചിതമായിരിക്കും.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

BS/